ഭരണഭാഷ-
മാതൃഭാഷ

**നം.E148971 TRY/2116/2025-E2**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
**10-07-2025**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-**Wages Bills**-അതാത് വകുപ്പുകളുടെ മുഖ്യശീർഷകത്തിനൊപ്പം **02-04, 02-05** എന്നീ **detailed head-object head** ശീർഷകങ്ങളിൽ വേതനം അനുവദിക്കുന്ന കരാർ/ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ബില്ലുകൾ ട്രഷറികളിൽ പാസാക്കുന്നത്-തുടർ നിർദ്ദേശം-സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിലെ **06/05/2025**-ലെ ഇതേ നമ്പർ കത്ത്

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. അതാത് വകുപ്പുകളുടെ മുഖ്യശീർഷകത്തിനൊപ്പം **02-04, 02-05** എന്നീ **detailed head-object head** ശീർഷകങ്ങളിൽ വേതനം അനുവദിക്കുന്ന കരാർ/ദിവസ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം മാറുന്നതിനായുള്ള **02-04, 02-05 detailed head-object head** ശീർഷകങ്ങൾ അലോട്ട്മെന്റ് വാച്ച് ചെയ്യേണ്ടവയാണെന്നും ഈ ശീർഷകങ്ങളിലെ ബില്ലുകൾ പാസ്സാക്കുമ്പോൾ **"head not mapped"** എന്ന മെസ്സേജ് ലഭിക്കുകയാണെങ്കിൽ പ്രസ്തുത ബില്ലുകൾ ഒബ്ജക്റ്റ് ചെയ്ത് നൽകേണ്ടതാണെന്നും പിന്നീട് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ നിയന്ത്രണാധികാരി മുഖേന ടി ശീർഷകങ്ങൾ **MAP** ചെയ്ത് അലോട്ട്മെന്റ് ലഭ്യമാക്കിയതിനുശേഷം ബിൽ സ്പാർക്കിൽ പ്രോസസ്സ് ചെയ്ത് ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ് എന്ന വിവരം അതാത് ഡി.ഡി.ഒ-മാരെ അറിയിക്കണമെന്ന നിർദ്ദേശവും സൂചന പ്രകാരം ട്രഷറി ഓഫീസർമാർക്ക് നൽകിയിരുന്നു.

എന്നാൽ ചില ബില്ലുകൾ പാസ്സാക്കുമ്പോൾ പ്രസ്തുത **error message**

വരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ **02-04, 02-05 (detailed head-object head)** എന്നീ ശീർഷകങ്ങളിലെ ബില്ലുകൾ **Coretis-ൽ** ബിൽ സ്ക്രൂട്ടിനി ചെയ്യുമ്പോഴും, പാസ്സാക്കുമ്പോഴും അലോട്ട്മെന്റ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. **Core Tis** -> **Report** -> **Allocation Expenditure Report** എന്ന ഓപ്ഷൻ മുഖേന പരിശോധിച്ച് ശീർഷകത്തിൽ മതിയായ അലോട്ട്മെന്റ് ഉണ്ടെന്ന് ഉറപ്പു വരുത്താവുന്നതാണ്.

മേൽ നിർദ്ദേശം എല്ലാ ട്രഷറി ഓഫീസർമാരും കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 10-07-2025 13:07:51

**V SAJAN**

**DIRECTOR**

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004,
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229